
എ.വൈ.ആർ

**ഒരു ദൈവദൂതന്റെ യാഥാർഥ്യം നിജപ്പെടുത്താൻ പല വഴികളുണ്ട്. അതിൽ ഒന്നാമത്തേത് ആ ദൂതന്റെ ദൂത്-സന്ദേശം- ആഴത്തിൽ പഠിച്ചു നോക്കുക. അത് യുക്തിസഹമാണോ, സത്യം, നീതി തുടങ്ങിയ സർവാംഗീകൃതമായ മൂല്യങ്ങളെ ശക്തിപ്പെടുത്തുന്നതാണോ, പ്രായോഗികമാണോ എന്നൊക്കെ പരിശോധിക്കുക. ഈ ചോദ്യങ്ങൾക്കെല്ലാം ലഭിക്കുന്ന ഉത്തരം 'അതേ' എന്നാണെങ്കിൽ അത് ആ സന്ദേശം സത്യമാണെന്നതിന്റെ തെളിവാകുന്നു.**



أَفَلَمْ يَدَّبَّرُوا۟ ٱلْقَوْلَ أَمْ جَآءَهُم مَّا لَمْ يَأْتِ ءَابَآءَهُمُ ٱلْأَوَّلِينَ ﴿٦٨﴾

**68.** ഇക്കൂട്ടർ ഈ ഭാഷണം മനനം ചെയ്തു നോക്കിയിട്ടില്ലെയോ? അതോ അവരുടെ പൂർവികർക്കൊന്നും വന്നിട്ടില്ലാത്ത ഒരു ദർശനം അവർക്ക് വന്നിരിക്കുകയാണോ?

أَمْ لَمْ يَعْرِفُوا۟ رَسُولَهُمْ فَهُمْ لَهُۥ مُنكِرُونَ ﴿٦٩﴾

**69.** അതല്ലെങ്കിൽ അവരിലാഗതനായ ദൈവദൂതൻ അവർക്ക് അപരിചതനാണോ? അതുകൊണ്ടാണോ അവരദ്ദേഹത്തെ നിഷേധിക്കുന്നത്?

أَمْ يَقُولُونَ بِهِۦ جِنَّةٌۢ ۚ بَلْ جَآءَهُم بِٱلْحَقِّ وَأَكْثَرُهُمْ لِلْحَقِّ كَـٰرِهُونَ ﴿٧٠﴾

**70.** അതുമല്ലെങ്കിൽ അവർ അദ്ദേഹത്തിന് കിറുക്കാണെന്നു വാദിക്കുകയാണോ? അല്ല. അദ്ദേഹമവരിൽ സത്യവുമായിത്തന്നെ വന്നിട്ടുള്ളതാകുന്നു. സത്യം തന്നെയാണല്ലോ അവരിൽ അധിക പേർക്കും അരോചകമായിട്ടുള്ളതും.

**68 – 70**

أَفَلَمْ يَدَّبَّرُوا۟ = അവർ (ഇക്കൂട്ടർ) മനനം ചെയ്തി(തു നോക്കിയി)ട്ടില്ലെയോ? ٱلْقَوْلَ = ഈ വചനം, ഭാഷണം

أَمْ جَآءَهُم = അതോ അവർക്ക് വന്നിരിക്കുകയാണോ

مَّا لَمْ يَأْتِ ءَابَآءَهُمُ ٱلْأَوَّلِينَ = അവരുടെ ആദ്യകാലക്കാരായ പിതാക്കൾക്ക് (പൂർവികർക്കൊന്നും) വന്നിട്ടില്ലാത്തത് (ദർശനം)

أَمْ لَمْ يَعْرِفُوا۟ رَسُولَهُمْ = അതല്ലെങ്കിൽ അവരുടെ(രിൽ ആഗതരായ) ദൈവദൂതനെ(ൻ) അവർ അറിഞ്ഞിട്ടില്ലേ (ർക്ക് അരിചിതനാണോ)

فَهُمْ لَهُۥ مُنكِرُونَ = അതുകൊണ്ട് (ആണോ) അവർ (അദ്ദേഹത്തെ) നിഷേധിക്കുന്നു(ന്നത്)

أَمْ يَقُولُونَ = അതുമല്ലെങ്കിൽ അവർ പറയുന്നുവോ (വാദിക്കുകയാണോ) بِهِۦ جِنَّةٌۢ = അദ്ദേഹത്തിന് കിറുക്കാണെന്ന്

بَلْ = അല്ല جَآءَهُم = അദ്ദേഹം അവരിൽ വന്നു(ന്നിട്ടുള്ളതാകുന്നു) بِٱلْحَقِّ = സത്യവും കൊണ്ട്(വുമായിത്തന്നെ)

وَأَكْثَرُهُمْ = അവരിൽ അധികപേരും(ർക്കും) لِلْحَقِّ = സത്യത്തിനെ(ത്യം തന്നെയാണല്ലോ)

كَـٰرِهُونَ = വെറുക്കുന്നവരാകുന്നു (അരോചകമായിട്ടുള്ളതും)

പ്രവാചകന്മാരെയും അവരുടെ പ്രബോധനത്തെയും തള്ളിക്കളയാൻ അവിശ്വാസികൾ ഉന്നയിക്കാറുള്ള ചില ന്യായങ്ങൾ ചോദ്യരൂപത്തിൽ അവതരിപ്പിച്ച് ഖണ്ഡിക്കുകയാണീ സൂക്തങ്ങൾ. ഈ ചോദ്യശൈലി തന്നെ ആ ന്യായങ്ങളുന്നയിക്കുന്നവരോടുള്ള വിമർശനത്തെയും സൂചിപ്പിക്കുന്നതാണ്. അവിശ്വാസികൾ പ്രവാചകനെയും ദൈവിക സന്ദേശത്തെയും അവരുടെ വെടിവട്ടങ്ങളിൽ അഹന്തയോടെ ഭർത്സിക്കുന്നുവെന്ന് പറഞ്ഞുകൊണ്ടാണല്ലോ മുൻ സൂക്തം സമാപിക്കുന്നത്. എന്തടിസ്ഥാനത്തിലാണ് ഈ ശകാരവും ഭർത്സനവും? ഒരു പ്രബോധകനെ ഒന്നാമതായി വിലയിരുത്തേണ്ടത് അദ്ദേഹത്തിന്റെ ഭാഷണത്തിലൂടെ-സന്ദേശത്തിലൂടെ-യാണല്ലോ. സന്ദേശം അയഥാർഥമോ അർഥശൂന്യമോ ദുർഗ്രഹമോ അവ്യക്തമോ ആണെങ്കിൽ അവഗണിക്കാം, നിഷേധിക്കാം. ഇവിടെ പ്രവാചകന്റെ ഭാഷണം- അദ്ദേഹം ഓതിക്കേൾപ്പിക്കുന്ന ഖുർആനും മറ്റു സാരോപദേശങ്ങളും- അവർ മനനം ചെയ്തു നോക്കിയിട്ടില്ലേ? يَدَّبَّرُوا വിനെയാണ് മനനം ചെയ്യുക എന്ന് തർജമ ചെയ്തിട്ടുള്ളത്. ഈ വാക്കിന്റെ ആശയം *ഖുർആൻ ബോധനം* സൂറഃ *അന്നിസാഅ്* 82-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്.

ഒരു ദൈവദൂതന്റെ യാഥാർഥ്യം നിജപ്പെടുത്താൻ പല വഴികളുണ്ട്. അതിൽ ഒന്നാമത്തേത് ആ ദൂതന്റെ ദൂത്-സന്ദേശം- ആഴത്തിൽ പഠിച്ചു നോക്കുക. അത് യുക്തിസഹമാണോ, സത്യം, നീതി തുടങ്ങിയ സർവാംഗീകൃതമായ മൂല്യങ്ങളെ ശക്തിപ്പെടുത്തുന്നതാണോ, പ്രായോഗികമാണോ എന്നൊക്കെ പരിശോധിക്കുക. ഈ ചോദ്യങ്ങൾക്കെല്ലാം ലഭിക്കുന്ന ഉത്തരം 'അതേ' എന്നാണെങ്കിൽ അത് ആ സന്ദേശം സത്യമാണെന്നതിന്റെ തെളിവാകുന്നു. ഖുർആൻ ആഴത്തിൽ പഠിച്ചു നോക്കുന്ന ആർക്കും ഈ ചോദ്യങ്ങൾക്ക് ലഭിക്കുന്ന ഉത്തരം 'അല്ല' എന്നാവില്ല. പ്രവാചകനും ഖുർആനും മുന്നോട്ടുവെക്കുന്ന പ്രഥമവും പ്രധാനവുമായ തത്ത്വം ദൈവത്തിന്റെ ഏകത്വമാണ്. അത് യുക്തിവിരുദ്ധമാണെന്നോ, സത്യത്തിനും നീതിക്കും എതിരാണെന്നോ, അപ്രായോഗികമാണെന്നോ ആർക്കാണ് പറയാനാവുക? മറ്റു തത്ത്വങ്ങളായ പ്രവാചകത്വത്തിന്റെയും മരണാനന്തര ജീവിതത്തിന്റെയും കാര്യവും ഇതുതന്നെ. പ്രവാചകൻ അവതരിപ്പിക്കുന്ന ഖുർആൻ ദൈവികവും പരമ സത്യവും ആയതുകൊണ്ടാണ് അതിൽ തുടക്കം മുതൽ ഒടുക്കം വരെ ആശയങ്ങൾ പരസ്പരം ചേർന്നു നിൽക്കുന്നതും ഒരിടത്തും പൂർവാപര വൈരുധ്യം കാണാത്തതും. وَلَوْ كَانَ مِنْ عِندِ غَيْرِ ٱللَّهِ لَوَجَدُوا۟ فِيهِ ٱخْتِلَـٰفًا كَثِيرًا (ഖുർആൻ അല്ലാഹുവല്ലാത്തവരിൽ നിന്നുള്ളതായിരുന്നുവെങ്കിൽ തീർച്ചയായും അതിൽ ധാരാളം വൈരുധ്യങ്ങൾ കാണുമായിരുന്നു- 4:82). മക്കയിലെ ബുദ്ധിമാന്മാർ ഖുർആൻ ആഴത്തിൽ പഠിച്ചു നോക്കിയിട്ടുണ്ടായിരുന്നു. അവരിൽ സത്യത്തോടും ധർമത്തോടും പ്രതിബദ്ധതയുള്ളവർ അതിൽ വിശ്വസിക്കുകയും ചെയ്തു. അല്ലാത്തവർ അവിശ്വസിച്ചത് അവരുടെ ഭൗതിക പ്രമത്തതയുടെയും സ്വാർഥതയുടെയും പേരിലായിരുന്നു. പ്രവാചകനെ എതിർക്കാൻ നേതൃത്വം കൊടുത്തത് സമൂഹത്തിലെ വരേണ്യ വർഗമാണെന്ന് നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. സ്വന്തം അധികാര താൽപര്യങ്ങൾക്കും സാമ്പത്തിക നേട്ടങ്ങൾക്കും സുഖഭോഗ സംസ്കാരത്തിനും ചേർന്നതല്ല ഈ പ്രസ്ഥാനം എന്നതായിരുന്നു അവരുടെ പ്രശ്നം. ചിലർ താൽപര്യ സംരക്ഷണാർഥം പ്രവാചകനെ അതിരൂക്ഷമായി ദ്രോഹിച്ചപ്പോൾ മറ്റു ചിലരുടെ മനസ്സാക്ഷി അതിനനുവദിച്ചില്ല. അവർ ഉള്ളാൽ പ്രവാചകനെ സ്നേഹിക്കുകയും സംരക്ഷിക്കാൻ തയാറാവുകയും ചെയ്തു. ഈ രണ്ടുതരം എതിർപ്പിനെയും പ്രതിനിധീകരിക്കുന്നവർ പ്രവാചകന്റെ പിതൃവ്യന്മാരിൽ തന്നെ ഉണ്ടായിരുന്നു. ഒരു പിതൃവ്യനായ അബൂലഹബും പത്നിയും നബിയെ കഠിനമായി ദ്രോഹിച്ചുകൊണ്ടിരുന്നു. മറ്റൊരു പിതൃവ്യൻ അബൂത്വാലിബ് അദ്ദേഹത്തെ സംരക്ഷിക്കുകയായിരുന്നു. 'ലോകത്തുള്ള മതങ്ങളിൽ ഏറ്റം വിശിഷ്ടമായത് മുഹമ്മദ് അവതരിപ്പിച്ച മതമാണെന്ന് തീർച്ചയായും എനിക്കറിയാം, എങ്കിലും എന്നെ ആളുകൾ 'മതം മാറിയവൻ എന്ന് വിളിക്കുന്നത് കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല' എന്ന് അബൂത്വാലിബ് തുറന്നു പറയുകയുണ്ടായി. ഇവിടെ ഖുർആൻ മനനം ചെയ്തിട്ടില്ലെയോ എന്നു ഖുറൈശികളോട് ചോദിക്കുന്നത്, മനനം ചെയ്തിട്ടില്ലെങ്കിൽ മനനം ചെയ്യുവിൻ എന്ന അർഥത്തിലല്ല, നിങ്ങൾ ആഴത്തിൽ പഠിച്ച് അതിന്റെ യാഥാർഥ്യം മനസ്സിലാക്കിയിട്ടുള്ളതാണല്ലോ എന്ന അർഥത്തിലാണ്.

പഠിച്ചുനോക്കി, സന്ദേശങ്ങളൊക്കെ കൊള്ളാം. പക്ഷേ, ദൈവം ഒരു മനുഷ്യനെ പ്രവാചകനായി അയച്ച് ധർമശാസനങ്ങൾ പ്രബോധനം ചെയ്യുന്ന ഏർപ്പാട് പണ്ടെങ്ങും കേട്ടിട്ടില്ലാത്തതാണ്. പ്രവാചകന്മാർ വരുമെങ്കിൽ ആദിപിതാവ് മുതൽ ഇന്നേവരെ എല്ലാ തലമുറകളിലും വന്നിട്ടുണ്ടാകണമല്ലോ. ഉണ്ടെങ്കിൽ അതേപ്പറ്റി നമ്മൾ അറിയാതിരിക്കുകയുമില്ല. പണ്ടെങ്ങുമില്ലാതെ ഇപ്പോൾ മാത്രം ദൈവം ഒരു പ്രവാചകനെ അയച്ചുവെന്നും അയാളുടെ ഉദീരണങ്ങൾ വേദവാക്യങ്ങളാണെന്നും വിശ്വസിക്കാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. ഇതാണ് പ്രവാചക നിഷേധത്തിന് ഉന്നയിക്കാവുന്ന മറ്റൊരു ന്യായം. പക്ഷേ, ഈ ന്യായവും അസ്ഥാനത്താണ്. അവരുടെ പ്രപിതാക്കളായ ഇസ്മാഈലും ഇബ്റാഹീമും (അ) പ്രവാചകന്മാരായിരുന്നുവെന്ന കാര്യം അവർക്ക് നിഷേധിക്കാനാവില്ല. ആദ്, സമൂദ് ഗോത്രങ്ങളിൽ ആഗതരായ പ്രവാചകന്മാരെക്കുറിച്ച് അവർ കേട്ടിട്ടുമുണ്ട്. മൂസാ പ്രവാചകന്റെ ശിഷ്യരായ യഹൂദരും ഈസാ പ്രവാചകന്റെ ശിഷ്യരായ ക്രൈസ്തവരും അവർക്ക് ചുറ്റും വസിക്കുന്നുമുണ്ട്.

സന്ദേശം ശരി, പ്രവാചക നിയോഗവും സമ്മതിക്കാം. പക്ഷേ, ഇയാൾ പ്രവാചകനാണെന്ന് ഞങ്ങളെങ്ങനെ മനസ്സിലാക്കും? ഒരു നാൾ എങ്ങുനിന്നോ ഒരാൾ പ്രത്യക്ഷപ്പെട്ട്

ഞാന്‍ നിങ്ങളിലേക്ക് നിയുക്തനായ പ്രവാചകനാകുന്നു എന്നുല്‍ ഘോഷിച്ചാല്‍ അതപ്പടി വിശ്വസിക്കാന്‍ പറ്റുമോ? അയാളെ ഞങ്ങള്‍ക്കറിയില്ല. അയാളുടെ സന്ദേശത്തിന്റെ യാഥാര്‍ഥ്യവും അറിയില്ല. ഞങ്ങളെ സംബന്ധിച്ചേടത്തോളം തികച്ചും അപരിചിതനാണയാള്‍. فَهُمْ لَهُۥ مُنكِرُونَ എന്ന വാക്യത്തെ അവര്‍ അയാളെ പരിചയമില്ലാത്തവരാകുന്നു എന്നും, നിഷേധിക്കുന്നവരാകുന്നു എന്നും തര്‍ജമ ചെയ്യാം. രണ്ടിന്റെയും ഉദ്ദേശ്യം ഒന്നു തന്നെയാണ്; ഞങ്ങളയാളെ വിശ്വസിക്കാന്‍ തയാറല്ല. പക്ഷേ മക്കാ വാസികളെ സംബന്ധിച്ചേടത്തോളം ഈ ന്യായവും ഒട്ടും നിലനില്‍ക്കുകയില്ല. മക്കയില്‍ തന്നെ ജനിച്ചു വളര്‍ന്ന വ്യക്തിയാണ് മുഹമ്മദ് (സ). അദ്ദേഹം ബാല്യ-കൗമാരങ്ങള്‍ പിന്നിട്ടതും യൗവനം പ്രാപിച്ചതുമെല്ലാം ഈ നാട്ടുകാരുടെ കണ്‍മുന്നിലാണ്. അവര്‍ക്കദ്ദേഹം ആദരണീയനായ സ്നേഹഭാജനവുമായിരുന്നു. അദ്ദേഹത്തെക്കുറിച്ച് അവര്‍ക്കൊരു ആക്ഷേപവുമില്ല. തര്‍ക്കങ്ങളില്‍ നിഷ്പക്ഷനും സത്യസന്ധനുമായ മധ്യസ്ഥനാണ് അദ്ദേഹം. സത്യമല്ലാത്തതൊന്നും ഉരിയാടില്ല. നീതിപൂര്‍വമല്ലാതെ ഒന്നും പ്രവര്‍ത്തിക്കുകയുമില്ല. ആളുകള്‍ അവരുടെ വിലപ്പെട്ട സമ്പാദ്യങ്ങള്‍ സൂക്ഷിക്കാന്‍ അദ്ദേഹത്തെ ഏല്‍പിച്ചു. എപ്പോള്‍ ആവശ്യപ്പെട്ടാലും ഒട്ടും ഊനമില്ലാതെ തിരിച്ചുകിട്ടുമെന്നുറപ്പായിരുന്നു. അല്‍ അമീന്‍-വിശ്വസ്തന്‍, സത്യവാന്‍- എന്നാണവരദ്ദേഹത്തെ വിളിച്ചിരുന്നത്. ഖുറൈശീ ഗോത്രത്തിലെ ഏറ്റവും പ്രമുഖരാണ് ഹാശിം കുടുംബം. ഈ ആഢ്യ കുടുംബത്തിന്റെ തലവന്‍ അബ്ദുല്‍ മുത്വലിബ് ഖുറൈശി ഗോത്രത്തിന്റെ മുഴുവന്‍ തലവനായിരുന്നു. ആ അബ്ദുല്‍ മുത്വലിബിന്റെ പുത്രന്‍ അബ്ദുല്ലയുടെ പുത്രനാണ് മുഹമ്മദ്(സ). ഇതൊക്കെ നാട്ടിലെ കുട്ടികള്‍ക്കു പോലും അറിവുള്ളതാണ്. ഈ നാല്‍പതു വര്‍ഷത്തെ ജീവിതത്തിനിടയില്‍ എപ്പോഴെങ്കിലും അദ്ദേഹം അന്യായമായ ധന സമ്പാദനം നടത്തുകയോ അധാര്‍മികമോ സദാചാര വിരുദ്ധമോ ആയ നടപടികളില്‍ ഏര്‍പ്പെടുകയോ നേതൃത്വവും അധികാരവും കൈയടക്കാന്‍ ശ്രമിക്കുകയോ ഒന്നും ചെയ്തിട്ടില്ല. വാക്ചാതുര്യം കൊണ്ട് ആളുകളെ വശീകരിച്ചിട്ടുമില്ല. വല്ലവരും അദ്ദേഹത്തില്‍ ആകൃഷ്ടരായിരുന്നുവെങ്കില്‍ അത് അദ്ദേഹത്തിന്റെ ഹൃദയാവര്‍ജകമായ സ്വഭാവത്തിന്റെയും ജീവിത വിശുദ്ധിയുടെയും ഫലമായിരുന്നു. ഇങ്ങനെയുള്ള ഒരാള്‍ താന്‍ ദൈവദൂതനാണെന്നറിയിച്ചുകൊണ്ട് തികച്ചും യുക്തിസഹവും നൈതികവും ധാര്‍മികവുമായ തത്ത്വങ്ങള്‍ പ്രബോധനം ചെയ്യുമ്പോള്‍ അദ്ദേഹത്തെ അറിയുന്നവര്‍ അതില്‍ വിശ്വസിക്കുക തന്നെ വേണം.

ആള്‍ സത്യസന്ധനാണ്, സന്മാര്‍ഗിയാണ്, മാന്യനാണ്, ഉയര്‍ന്ന തറവാട്ടുകാരനാണ്. ഒക്കെ ശരി. പക്ഷേ, ഇപ്പോള്‍ അങ്ങോര്‍ക്ക് വട്ടായിരിക്കുന്നു. താന്‍ ദൈവദൂതനാണെന്നും തന്റെ ഭാഷണങ്ങള്‍ ദൈവം തന്നില്‍ നിവേശിപ്പിച്ചതാണെന്നുമൊക്കെ ഭ്രമിച്ചിരിക്കുകയാണ് മൂപ്പര്‍. بِهِۦ جِنَّةٌ എന്നതിന് 'അദ്ദേഹത്തിന് ജിന്നു ബാധയുണ്ടായിരിക്കുന്നു' എന്നും അര്‍ഥം പറയാം. ജിന്നു ബാധയുള്ള ചിലര്‍ക്ക് ഉദാത്തമായ കവിതകള്‍ രചിക്കാനും ദുര്‍ഗ്രഹമായ തത്ത്വപ്രഭാഷണങ്ങള്‍ നടത്താനും കഴിയുമെന്ന് അറബികള്‍ വിശ്വസിച്ചിരുന്നു. എങ്കിലും ജിന്നുബാധയെയും പിശാചുബാധയെയും ദേവ കോപത്തെയുമൊക്കെ ഓരോ തരം ഭ്രാന്തുകളായാണ് ഗണിച്ചിരുന്നത്. ഇക്കാലത്ത് ചില അവിശ്വാസികള്‍ പ്രവാചകത്വത്തെ അപസ്മാരബാധ എന്നാണ് വിശേഷിപ്പിക്കുന്നത്. ഒരാള്‍ തന്റെ ജീവിത വ്യവഹാരങ്ങളിലഖിലം ഉന്നതമായ ധാര്‍മിക, സാംസ്കാരിക, വൈജ്ഞാനിക നിലവാരം പുലര്‍ത്തുന്നുവെന്ന് സമ്മതിക്കുമ്പോള്‍ തന്നെ, അയാള്‍ പറയുന്ന മഹത്തായ തത്ത്വങ്ങളും ഉപദേശങ്ങളും മാത്രം ഭ്രാന്താണെന്ന് വാദിക്കുന്നത് എന്തടിസ്ഥാനത്തിലാണ്? എന്നാല്‍ യാഥാര്‍ഥ്യം ഇതൊന്നുമല്ല. തികഞ്ഞ സത്യസന്ദേശവുമായിത്തന്നെയാണ് പ്രവാചകന്‍ അവരുടെ മുന്നില്‍ ചെന്നിട്ടുള്ളത്. അത് അവര്‍ക്കുമറിയാം. പക്ഷേ, അവരിലധിക പേര്‍ക്കും ഇഷ്ടമില്ലാത്തത് സത്യം തന്നെയാണ്. സത്യത്തോടുള്ള വൈമുഖ്യമാണ് പ്രവാചക നിഷേധവും വേദനിഷേധവുമായി പ്രകടമാകുന്നത്. തങ്ങളുടെ സ്ഥാനമാനങ്ങളെ പോഷിപ്പിക്കാത്ത, സുഖഭോഗങ്ങള്‍ക്കനുഗുണമല്ലാത്ത, ആസക്തികളെ തൃപ്തിപ്പെടുത്താത്ത കാര്യം എത്ര വലിയ സത്യമായാലും സ്വീകരിക്കാന്‍ അവര്‍ തയാറല്ല. ■


## Matrimonial

**ദീനീനിഷ്ഠയുള്ള യുവതി** (20/5'5"). SSLC. **ഖുര്‍ആന്‍ അനുബന്ധമായ കോഴ്സ് പഠിക്കുന്നു. 28 വയസ്സില്‍ കവിയാത്ത, നാട്ടില്‍ ജോലിയുള്ള പ്രസ്ഥാന പ്രവര്‍ത്തകരില്‍ നിന്ന് ആലോചനകള്‍ ക്ഷണിക്കുന്നു.**

04842506805
9400536805

**മുസ്ലിം യുവതി** (22/5'4''). B.Tech. **സാമ്പത്തിക ഭദ്രത. ദീനീനിഷ്ഠയും തുല്യ വിദ്യാഭ്യാസ യോഗ്യതയുമുള്ള എറണാകുളം, തൃശൂര്‍ ജില്ലക്കാര്‍ ബന്ധപ്പെടുക.**

9495559526